**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.874 — 29.09.2016 - ൽ മറുപടിയ്ക്ക്

## സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറുന്ന നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാടാമ്പുഴ പോലീസ് സ്റ്റേഷൻ, വളാഞ്ചേരി ഫയർ സ്റ്റേഷൻ എന്നിവയുടെ സ്ഥലം റവന്യൂവകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറുന്ന നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(ബി) സ്ഥലം കൈമാറുന്നതിനുള്ള നിർദ്ദേശം അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എ) & (ബി) | കാടാമ്പുഴ പോലീസ് സ്റ്റേഷന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വളാഞ്ചേരി ഫയർ സ്റ്റേഷന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. പ്രൊപ്പോസലിൽ ചില ന്യൂനതകൾ കണ്ടതിനാൽ ആയത് പരിഹരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ